(ഡി) അടിയന്തിരമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാം;

(ഇ) ഫണ്ടിന്റെ അപര്യാപ്തതമൂലം പണികൾ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ജലഅതോറിറ്റിയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും, ഭൂജല വകുപ്പും സംയുക്തമായി 1998-99, 1999-2000, 2000-2001 എന്നീ മൂന്ന് വർഷങ്ങളിലായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള "രണ്ടായിരാമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം" എന്ന ഗവൺമെന്റ് അംഗീകരിച്ച പദ്ധതിയുടെ റിപ്പോർട്ട് പ്രകാരം 1423.00 കോടി രൂപയാണ് മൊത്തം ചെലവു പ്രതീക്ഷിക്കുന്നത്. ഇതിൽ 1999-2000-ത്തിലേയ്ക്ക് ജല അതോറിറ്റിക്ക് 257.69 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 468.69 കോടി രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. വിശദവിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.†

(ബി) നടപ്പു സാമ്പത്തികവർഷം വാട്ടർ അതോറിറ്റിക്കുവേണ്ടി സംസ്ഥാന ബഡ്ജറ്റിൽ 15.00 കോടി രൂപ പ്രത്യേകമായി നീക്കിവച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ റിപ്പോർട്ട് പ്രകാരം 1999-2000-ത്തിലേയ്ക്ക് ജല അതോറിറ്റിക്ക് സംസ്ഥാന ബഡ്ജറ്റ് മുഖേന 25.00 കോടി രൂപയും അഡീഷണൽ ഫണ്ടായി 32.50 കോടി രൂപയും ബാക്കി തുക ബോണ്ടുകൾ പുറപ്പെടുവിച്ചും, ബാങ്കുകളിൽനിന്ന് ലോണെടുത്തും, ഉപഭോക്താക്കളിൽനിന്നുള്ള കോൺട്രിബ്യൂഷൻ മുഖേനയും, തദ്ദേശ സ്ഥാപനങ്ങളിൽനിന്നും കിട്ടാനുള്ള കുടിശ്ശിക ഈടാക്കിയും സമാഹരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. വിശദ വിവരം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്.

(ഡി) 1998-1999-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട 65 പദ്ധതികളിൽ 39 എണ്ണത്തിന്റെ പണി പൂർത്തിയാക്കി. അവയുടെ പേരുവിവരം അനുബന്ധം മൂന്നിലും† 1999-2000-ാമാണ്ടിലും 2000-2001-മാണ്ടിലുമായി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന ശേഷിക്കുന്ന പദ്ധതികളുടെ പേരുവിവരം അനുബന്ധം 4,5 എന്നിവയിലും ചേർത്തിരിക്കുന്നു.†

(ഇ) ഫണ്ടിന്റെ അപര്യാപ്തതമൂലം ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള ഒരു പദ്ധതിയും മുടങ്ങിക്കിടക്കുന്നില്ല.

58 (3519) തിരുപുറം മാവിളക്കടവ് ബണ്ടിലെ കല്ലടുക്ക്

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) നെയ്യാറിന്റെ പടിഞ്ഞാറെക്കരയിൽ തിരുപുറം മാവിളക്കടവ് ബണ്ടിൽ കുറുത്ത എന്ന സ്ഥലത്തെ കല്ലടുക്ക് പൂർണ്ണമായും തകർന്നിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തിരമായി പ്രസ്തുത ബണ്ട് കല്ലടുക്കി സംരക്ഷിച്ചില്ലായെങ്കിൽ തിരുപ്പുറം പഞ്ചായത്ത് പ്രദേശം വെള്ളത്തിനടിയിലാകും എന്ന വിവരം അറിയുമോ;

(സി) പ്രസ്തുത പണികൾ ഇക്കൊല്ലംതന്നെ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) പ്രസ്തുത ബണ്ട് അടിയന്തിരമായി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിനായി 51 ലക്ഷം രൂപ അടങ്കൽത്തുകയുള്ള ഒരു പദ്ധതി ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി നടത്തുന്നതാണ്.

59 (3521) കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിൽ കനാൽ റോഡ് ടാറിംഗ് പ്രവൃത്തി

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിൽ കക്കോടി ബ്രാഞ്ച് കനാൽ റോഡ് ടാറിംഗ് പ്രവൃത്തി നടത്തുന്നതിന് (17.800 മുതൽ 14.300 വരെ) നൽകിയ അപേക്ഷയിൻമേൽ എന്ത് തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിലുള്ള കാലതാമസമൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡ് നന്നാക്കുന്നതിന് എത്രയും പെട്ടെന്ന് അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)&(സി) കക്കോടി ബ്രാഞ്ച് കനാൽ റോഡ് ടാറിംഗ് നടത്തണമെന്നാവശ്യപ്പെടുന്ന നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിൻമേൽ റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ റിപ്പോർട്ട് ലഭിച്ചശേഷമേ അനന്തരനടപടികളെക്കുറിച്ച് തീരുമാനിക്കുവാൻ നിർവ്വാഹമുള്ളൂ.

60 (3524) സർവ്വീസ് സ്ഥിരപ്പെടുത്തുന്നതിന് നടപടി

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly